(ബി) ഇല്ലെങ്കിൽ ഇവർക്ക് യു.ജി.സി. ശമ്പളപദ്ധതി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പരിഷ്ക്കരണം എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 25-9-1999-ലെ ജി.ഒ.(എം.എസ്.) 393/99/ആ.കു.വ എന്ന ഉത്തരവു പ്രകാരം കേരളത്തിലെ മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ. സ്കെയിൽ അനുവദിക്കുന്നകാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള മേൽ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) എത്രയും പെട്ടെന്ന് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പരിയാരം മെഡിക്കൽ കോളേജിലെ പ്രവർത്തനം

196 (3386) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനുവേണ്ടി കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ചെലവഴിച്ച തുക വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) സഹകരണ മേഖലയിൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത കേളേജിലെ അദ്ധ്യാപക- അനദ്ധ്യാപക നിയമനങ്ങൾ നടത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിലെ സ്ഥിരം നിയമനങ്ങൾ നടത്തിയിട്ടില്ലാത്ത തസ്തികകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലൂടെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ചെലവഴിച്ച തുക ചുവടെചേർക്കുന്നു.

1996-97	663.55 ലക്ഷം രൂപ
1997-98	2267.41 ലക്ഷം രൂപ
1998-99	4408.76 ലക്ഷം രൂപ

(ബി) 9-2-1997-ൽ പരിയാരം മെഡിക്കൽ കോളേജ് മാനേജ്മെന്റ് സർക്കാർ താല്കാലികമായി ഏറ്റെടുക്കുന്നതിന് മുൻപ് പത്രത്തിൽ പരസ്യം ചെയ്ത് അപേക്ഷകൾ ക്ഷണിച്ച് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയാണ് സ്ഥിരം നിയമനം നടത്തിയിരുന്നത്. ഈ സ്ഥാപനം സർക്കാർ താത്കാലികമായി ഏറ്റെടുത്തതിനുശേഷം നിയമനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. ചില തസ്തികകളിൽ ഗവൺമെന്റ് സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. ഇതു കൂടാതെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിവരുന്നുണ്ട്. ആശുപത്രി പ്രവർത്തനം സ്തംഭിക്കാതിരിക്കാൻ ചില തസ്തികകളിൽ ദിവസ വേതനത്തിലും നിയമനം നടത്തിയിട്ടുണ്ട്.

(സി) പരിയാരം മെഡിക്കൽ കോളേജ് മാനേജ്മെന്റ് സർക്കാർ സ്ഥിരമായി ഏറ്റെടുത്തുകഴിഞ്ഞാൽ മാത്രമെ നിയമനങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലൂടെ നടത്തുവാൻ സാധിക്കുകയുള്ളൂ.

പുതിയ മെഡിക്കൽ കോളേജുകൾ

197 (3387) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി കൊച്ചിയിലും ഇടുക്കിയിലും ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മെഡിക്കൽ കോളേജുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ ആരംഭിക്കുന്നത് എന്നറിയിക്കാമോ ;

(ബി) അല്ലെങ്കിൽ പ്രസ്തുത മെഡിക്കൽ കോളേജുകളിൽ പ്രവർത്തം മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ കോളേജുകളിൽ എം. ബി. ബി. എസ് പ്രവേശനത്തിന് എന്ത് മാനദണ്ഡമാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ജീവനക്കാരെ നിയമിക്കാൻ നടപടിയെടുക്കുമോ ;

(ഇ) സഹകരണ മേഖലയിലാണ് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ; എങ്കിൽ പ്രസ്തുത കോളേജുകളിലേയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്താൻ നിയമതടസ്സം ഉണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) അല്ല. "സഹകരണ അക്കാഡമി"യുടെ കീഴിലാണ് കൊച്ചിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഐ.എച്ച്. ആർ.സി. യുടെ കീഴിൽ ഇടുക്കിയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ ഉദ്ദേശമുണ്ട്. മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. കൊച്ചിയിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ് സഹകരണ അക്കാഡമിയുടെ കീഴിൽ തന്നെ നിലനിർത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly